# കേരള സർവകലാശാല

നം. പി.ആർ.157/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാഡമിക് കൗൺസിൽ യോഗം

കേരള സർവകലാശാല അക്കാഡമിക് കൗൺസിൽ യോഗം ഒക്ടോബർ നാല് രാവിലെ 10 മണിക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ചേംബറിൽ നടത്തും. പ്രമേയങ്ങൾ നൽകാനാഗ്രഹിക്കുന്ന അംഗങ്ങൾ സെപ്റ്റംബർ മൂന്ന് വൈകുന്നേരം നാല് മണിക്കകം രജിസ്ട്രാർക്ക് സമർപ്പിക്കണം.

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. അർഹരായവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 26 രാവിലെ 10.30-ന് വകുപ്പ് മേധാവിയുമായി ബന്ധപ്പെടുക. ഫോൺ. 0471-2308905.

കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ് - 2016-17) എസ്.സി/എസ്.ടി (മൂന്ന്) മുസ്ലീം (ഒന്ന്) സ്പോൺസേഡ് (രണ്ട്) വിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബി.ടെക് 55%. താൽപര്യമുള്ളവർ എല്ലാ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 30 രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2305321, 9446403562.

കാര്യവട്ടം ഹിന്ദി പഠനവകുപ്പിൽ എം.എ ഹിന്ദി (2016-18) കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒന്നും എസ്.സി വിഭാഗത്തിൽ രണ്ടും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 29 രാവിലെ 10.30-ന് വകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308649.

കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിൽ എം.എ പൊളിറ്റിക്സിൽ എസ്.സി വിഭാഗത്തിൽ ഒരു സീറ്റും എസ്.ടി വിഭാഗത്തിൽ രണ്ട് സീറ്റുകളും ഒഴിവുണ്ട്. അർഹരായവർ ആഗസ്റ്റ് 26 ഉച്ചയ്ക്ക് ഒരു മണിയ്ക്കകം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308307.

കാര്യവട്ടം ലിംഗ്വിസ്റ്റിക്സ് പഠനവകുപ്പിൽ എം.എ ലിംഗ്വിസ്റ്റിക്സ് (2016-18) കോഴ്സിന് ജനറൽ വിഭാഗത്തിൽ മൂന്ന് സീറ്റും എസ്.സി, എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റും ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 29 രാവിലെ 10.30-ന് പഠനവകുപ്പിൽ എത്തിച്ചേരണം. ഫോൺ 0471-2308469.

തൈക്കാട് എഡ്യൂക്കേഷൻ പഠനവകുപ്പിൽ എം.എഡ് കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലേക്ക് ആഗസ്റ്റ് 30 രാവിലെ 10 മണിക്ക് വകുപ്പിൽ സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർത്ഥികൾ അസ്സൽ രേഖകൾ സഹിതം ഹാജരാകണം. ഫോൺ. 0471-2304718.

### ബി.ഫാം ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ രണ്ടാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 17 വരെ അപേക്ഷിക്കാം.

### എം.ബി.എൽ പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 19-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 19 (50 രൂപ പിഴയോടെ സെപ്റ്റംബർ 22, 250 രൂപ പിഴയോടെ സെപ്റ്റംബർ 26) വരെ അപേക്ഷിക്കാം.

## എം.കോം വൈവ

കേരള സർവകലാശാല കാര്യവട്ടം കൊമേഴ്സ് പഠനവകുപ്പ് എം.കോം (2014-16 ബാച്ച്) വൈവ ആഗസ്റ്റ് 30 രാവിലെ 10 മണിക്ക് വകുപ്പിൽ നടത്തും.

## ബി.എസ്സി ജിയോളജി (സി.ബി.സി.എസ്) പ്രാക്ടിക്കൽ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.എസ്സി ജിയോളജി (സി.ബി.സി.എസ്) പ്രാക്ടിക്കൽ സെപ്റ്റംബർ ഒന്നിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കോളേജുകളിലും ലഭിക്കും.

## പി.ജി.ഡി.സി.എ ഹാൾടിക്കറ്റ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ രണ്ടിന് തുടങ്ങുന്ന ഒന്ന്, രണ്ട് സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## ബി.എ പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 28-ന് തുടങ്ങുന്ന ബി.എ (ആന്വൽ സ്കീം, സപ്ലിമെന്ററി പാർട്ട് മൂന്ന്, മെയിൻ & സബ്സിഡിയറി) പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ അഞ്ച് (50 രൂപ പിഴയോടെ സെപ്റ്റംബർ ഏഴ്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഒമ്പത്) വരെ അപേക്ഷിക്കാം. രണ്ടാം വർഷ റഗുലർ വിദ്യാർത്ഥികൾക്ക് അവരുടെ സബ്സിഡിയറി പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനുശേഷം ഓൺലൈനായി ഫീസ് അടയ്ക്കാനുള്ള തീയതി പിന്നീട് അറിയിക്കും.

## ബി.എസ്സി പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 28-ന് തുടങ്ങുന്ന അവസാന വർഷ ബി.എസ്സി പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ (ആന്വൽ സ്കീം & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ അഞ്ച് (50 രൂപ പിഴയോടെ സെപ്റ്റംബർ ഏഴ്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഒമ്പത്) വരെ അപേക്ഷിക്കാം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ മൂന്ന് (50 രൂപ പിഴയോടെ സെപ്റ്റംബർ ആറ്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഏഴ്) വരെ അപേക്ഷിക്കാം.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
25.08.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ